# ശ്രീയേശുകീർത്തനം

സംഗീതക്കച്ചേരി

ജോർജ്ജ് പാഞ്ഞാറ



Side A

1. സകലകലാനിധിയേ 5.41
   രാഗം: ആഭോഗി. താളം: ആദി
2. പരമാനന്ദദായിനി 4.35
   രാഗം: ബഹുധാരി. താളം: ആദി
3. നിത്യാനന്ദദായകാ 10.10
   രാഗം: സാരമതി. താളം: മിശ്രചാപ്പ്

Side B

1. ഭജഭജ നീ മനസ്സേ 3.29
   രാഗം: ബിഹാഗ്. താളം: ആദി
2. സാഗരസലിലോപരി 5.12
   രാഗം: ജയന്തശ്രീ. താളം: രൂപകം
3. ജഗന്മോഹിനി 3.12
   രാഗം: ജഗന്മോഹിനി. താളം: ആദി
4. പരിഹാസരാജാവായ് 9.05
   രാഗം: വാഗധീശ്വരി. താളം: ആദി

Violin : Nedumangad Sivanandan
Mridangam : Vaikom Gopakumar
Ghatam : Vaikom Ajitkumar
Tamburu : Bipin

This concert was performed live in front of an invited audience at CAC recording studio, Ernakulam, Kerala.



**Produced by the Christian Musicological Society of India.**
**Jeevass Kendram, Aluva 683 101, Kerala, India.**
Ph : (0484) 620870 Copy right: CMSI (2000)
**www.indussociety.org/cmsindia**

Design : Vince

SHREEYESUKEERTHANAM
(Jesus Hymns)

CM 101

Max.Ret. Price :
Rs. 50/-

# SHREEYESUKEERTHANAM

## Christian Music Concert
by
## George Panjara



Christian Musicological Society of India

## Side A

**1. സകലകലാനിധിയേ**

രാഗം: ആഭോഗി. താളം: ആദി.

പല്ലവി

സകലകലാനിധിയേ ദയാലോ
മികവരുളീടണമേ ജഗേശാ

അനുപല്ലവി

വികലവികാരവിനാശകാ- എൻ
അകതളിർ നീ പരിപൂതമാക്കൂ

ചരണം

കദന നിബന്ധിതമീജഗത്തിൽ
പരമകൃപാനിധിയേശുദേവാ

അനുചരണം

അവികലദാനപ്രവാഹമാം- നിൻ
സവിധസമാഗമമതീവകാമ്യം

**2. പരമാനന്ദദായിനി**

രാഗം: ബഹുധാരി. താളം: ആദി.

പല്ലവി

പരമാനന്ദദായിനി ജനനീ
കരുണാമയി ജഗദധീശ്വരി

അനുപല്ലവി

നരവംശ രക്ഷകേവിമലേ- രാ
ജർഷീവംശജാതേ മരിയാംബേ

ചരണം

മധുമാസ സമാന മനോഹരി
മധുഹാസ വിരാജിതസദ്‌വദനി

അനുചരണം

തവപാദ പങ്കജം തൊഴും
നിജദാസരിൽ ചൊരിയൂ കടാക്ഷം

**3. നിത്യാനന്ദദായകാ**

രാഗം: സാരമതി. താളം: മിശ്രചാപ്പ്

പല്ലവി

നിത്യാനന്ദദായകാ- യേശുവേ കാരുണ്യമൂർത്തേ

അനുപല്ലവി

സത്യദൈവകുമാരാ തൂകുമോ നിൻ സ്നേഹധാര

ചരണം

അത്യന്ത ശോഭചേരും ദിവ്യാഭിരാമരൂപാ

അനുചരണം

നിത്യം നിൻസന്നിധാനം പൂകുവാനതീവമോഹം

## Side B

**1. ഭജഭജനീ മനസ്സേ**

രാഗം: ബിഹാഗ്. താളം: ആദി.

പല്ലവി

ഭജഭജനീ മനസ്സേ- ശ്രീയേശുനാമം
നിഖില ലോകാഭിരാമം ദേവകുമാരനാമം

അനുപല്ലവി

നിജനാമ ദൈവ്യക്ഷരി- അനവദ്യമാധുരി
നിറയുന്ന തേൻകനി മനുജകുലത്തിനാകെ

ചരണം

അബ്ദസഹസ്രമെത്ര ജഗതലം കാത്തിരുന്നു
സ്വർഗ്ഗനാഥനീ കുമാരൻ ഭൂവിലെത്തുവാൻ

അനുചരണം

അശരണർക്കാശ്രയം ക്ലേശിതർക്കാശ്വാസം
വിശ്വസിപ്പവർക്ക് നിത്യ വരദാനവർഷമേഘം.

**2. സാഗരസലിലോപരി**

രാഗം: ജയന്തശ്രീ. താളം: രൂപകം.

പല്ലവി

സാഗരസലിലോപരി പാദചാരിയായി നീ
യേശുവേ ഗമിച്ചുവോ തോഴരൊത്തു ചേരുവാൻ

അനുപല്ലവി

ആഗതൻ നിൻ ദർശനം ഭൂതമെന്ന ശങ്കയാൽ
ഭീതരായ് വിബോധരായ് സാധുതോഴരാകെയും

ചരണം

ദേവദേവ നിൻ സ്വരം കാതിൽ വീണമാത്രയിൽ
ആ വിശുദ്ധമാനവർ മോദമാർന്നു സംസ്മിതം

അനുചരണം

ലോക ജീവിതാർണ്ണവം താണ്ടിടുന്നു ഞങ്ങളും
ലോകനായകാ കരം നല്കി നീ തുണയ്ക്കണേ

**3. ജഗന്മോഹിനി**

രാഗം: ജഗന്മോഹിനി. താളം: ആദി.

പല്ലവി

ജഗന്മോഹിനി വരദായിനി
നരവംശസംരക്ഷണോത്സുകി

അനുപല്ലവി

ജഗദീശ്വര പ്രിയനന്ദന
ജഗദാഗമ സഹകാരിണി

ചരണം

പരിപൂരിതാനന്ദദായിനി
പരിശോഭിത ഗുണവാഹിനി

അനുചരണം

അമലോത്ഭവേ മരിയാംബികേ
പ്രിയ നിൻ കരാംഗുലിയെൻബലം

**4. പരിഹാസരാജാവായ്**

രാഗം: വാഗധീശ്വരി. താളം: ആദി. (രണ്ടുകള)

പല്ലവി

പരിഹാസരാജാവായ് പരിതാപമേററുവാങ്ങി
പരിദീനദയാമയാ യേശുനാഥാ നീ

അനുപല്ലവി

പരമോന്നതസുതാ- നരവംശപൂജിതാ
ദുരിതനിവാരണാ- പരമകൃപാനിധേ

ചരണം

ശിരസിൽ കിരീടമായി- മുൾമുടിചൂടി കയ്യിൽ
രാജാധികാരച്ചെങ്കോ- ലായൊരുഞാങ്കണയും

അനുചരണം

പരലോക കവാടത്തിൽ- ഞാനണഞ്ഞീടുംനാളിൽ
പരിഹാസമേററിടായ്‌വാൻ നീ തുണയേകണമേ